**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1413** 04-02-2019 -ൽ മറുപടിക്ക്

**പ്രളയത്തെത്തുടർന്ന് വീടുകൾ തകർന്നവർക്ക് ഭവന നിർമ്മാണത്തിന് സഹായം**

| | **ചോദ്യം** | | **മറുപടി** |
|---|---|---|---|
| | ശ്രീ.വി.കെ. ഇബ്രാഹീം കുഞ്ഞ് | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തെത്തുടർന്ന് കളമശ്ശേരി നിയോജക മണ്ഡലത്തിൽ വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നവർക്ക് നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | എ) | പൂർണ്ണമായി തകർന്നതായി നിലവിൽ കണക്കാക്കിയിട്ടുള്ള വീടുകളിൽ വാസയോഗ്യമായ സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് സ്വയം സന്നദ്ധരായ ഗുണഭോക്താക്കൾക്ക് സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആദ്യഗഡുവായ 95,100/- രൂപ വീതം അനുവദിച്ച് വരുന്നു. ബാക്കി തുകയിൽ 50% വീട് നിർമ്മാണം 25% പൂർത്തീകരിക്കുമ്പോഴും ശേഷിക്കുന്ന 50 % വീട് പുനർനിർമ്മാണം 75% പൂർത്തീകരിക്കുമ്പോഴും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതാണ്. കൂടാതെ സ്വന്തം ഭൂമിയിൽ സർക്കാർ മേൽ നോട്ടത്തിൽ ഭവനം നിർമ്മിക്കുന്നതിനും സ്പോൺസർ നേരിട്ട് കെട്ടിടം പുനർ നിർമ്മാണ ഏജൻസിയെ കണ്ടെത്തി ഭവനം പൂർത്തിയാക്കുന്നതിനും ഉള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. CARE Home പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ 337 വീടുകൾ നിർമ്മിച്ചു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ SDRF-ൽ നിന്നുള്ള 95100/- രൂപ ഉൾപ്പെടെ ആകെ 5,00,000/-രൂപ ചിലവ് വരുന്ന വീടുകളാണ് നിർമ്മിച്ച് വരുന്നത്. 2019 മാർച്ച് 25 ന് പൂർത്തീകരിക്കുന്ന വിധത്തിലാണ് പദ്ധതി നിർവ്വഹണ സമയം തീരുമാനിച്ചിട്ടുള്ളത്. 15% വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 10,000/- രൂപയും 16% |

| | | | |
|---|---|---|---|
| | | | മുതൽ 29% വരെ നാശനഷ്ടം സംഭവിച്ച വീട്ടുകൾക്ക് 60,000/- രൂപയും 30% മുതൽ 59% വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 1,25,000/- രൂപയും 60% മുതൽ 74 % വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 2,50,000/- രൂപയും 75% ൽ അധികം നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 4,00,000/- രൂപയും അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീടുവയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിൽ ഉള്ള തുകയോ ഏതാണ് കുറവ് അത് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| ബി) | വീടുകൾ പുനർ നിർമ്മിയ്ക്കുന്നതിനാവശ്യമായ സഹായം എത്ര പേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഇനി എത്ര പേർക്ക് വീടുകൾ പുനർ നിർമ്മിയ്ക്കുന്നതിന് സഹായം നൽകാൻ ബാക്കിയുണ്ട്; വിശദാംശം നൽകാമോ; | ബി) | പൂർണ്ണമായി തകർന്ന 202 വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള ആദ്യ ഗഡുവായ 95100/- രൂപ വീതം 1,92,10,200/- രൂപ അനുവദിച്ചിട്ടുണ്ട്. ഭാഗികമായി തകർന്ന 14582 വീടുകളുടെ തുക അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| സി) | പ്രസ്തുത മണ്ഡലത്തിലെ പ്രളയം മൂലം ഭവന രഹിതരായ ജനങ്ങൾക്ക് ഏതൊക്കെ പദ്ധതികൾ പ്രകാരമാണ് ഭവന നിർമ്മാണത്തിന് സഹായം നൽകാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ഫണ്ട് വിനിയോഗിച്ചും സഹകരണ വകുപ്പിന്റെ സഹായത്തോടെയും നടപ്പാക്കുന്ന Care Home പദ്ധതി പ്രകാരമുള്ള വീടുകളുടെ പുനർനിർമ്മാണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ